**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1708** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ. ആർ. നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ. ആർ. നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് അനുവദിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് നൽകിയ റിപ്പോർട്ട് പ്രകാരം ഇ-ഗ്രാന്റ്സ് അനുവദിക്കുന്നതിൽ സ്ഥാപനത്തിൽ നിന്നും വീഴ്ച ഉണ്ടായിട്ടില്ല. |
| (ബി) | ഏതു വർഷം വരെ ഇ-ഗ്രാന്റ് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും എത്ര നാളത്തെ കുടിശ്ശികയുണ്ടെന്നും വിശദമാക്കാമോ; ധനകാര്യ പ്രതിസന്ധി ഇ-ഗ്രാന്റ് വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **2014 മുതൽ 2016 വരെയുള്ള ബാച്ചുകളിലെ വിദ്യാർത്ഥികളിൽ, അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഇ-ഗ്രാന്റ്സ് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഇ-ഗ്രാന്റ് അനുമതി ലഭിക്കുന്നതിനും ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിനും ബന്ധപ്പെട്ട ഡയറക്ടറേറ്റുകളിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.**<br><br>2019-2020 അധ്യയന വർഷത്തിലെ വിദ്യാർത്ഥികളിൽ എസ്.സി. വിഭാഗത്തിലെ അഞ്ചും, എസ്.ടി. വിഭാഗത്തിലെ ഒന്നും വിദ്യാർത്ഥികൾക്ക് ഒന്നാം വർഷത്തെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും ലംസം ഗ്രാന്റ് , പോക്കറ്റ് മണി, 3 മാസത്തെ ഹോസ്റ്റൽ ഫീസ് എന്നിവ ലഭിച്ചിട്ടുണ്ട്. ഇതിൽ എസ്.സി വിഭാഗം വിദ്യാർത്ഥികളുടെ പുതുക്കൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. എസ്.ടി. വിഭാഗം വിദ്യാർത്ഥിയുടെ രണ്ടാം വർഷ പുതുക്കൽ പ്രക്രിയ പൂർത്തിയാകുകയും രണ്ടാം വർഷത്തെ ക്ലെയിമുകൾ അയക്കുകയും ചെയ്തിട്ടുണ്ട്.<br><br>2019-2020 അധ്യയന വർഷത്തിലെ ഒ.ബി.സി. വിഭാഗത്തിലെ വിദ്യാർത്ഥികളിൽ ഇ-ഗ്രാന്റ്സ് അപേക്ഷിച്ച 6 പേരുടെ ഒന്നാം വർഷത്തെ ട്യൂഷൻ ഫീസ് , സ്പെഷ്യൽ ഫീസ് എന്നിവയുടെ ക്ലെയിമുകൾ അയച്ചിട്ടുള്ളതും നിലവിൽ ഈ ക്ലെയിമുകൾ ഡയറക്ടറേറ്റിൽ പ്രോസസിംഗ് ആണ്. അതുപോലെ ഇവരെ രണ്ടാം വർഷത്തിലേയ്ക്ക് പുതുക്കുകയും രണ്ടാം വർഷത്തെ ക്ലെയിമുകൾ അയക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ ഈ ക്ലെയിമുകളിൽ 3 വിദ്യാർത്ഥികളുടെ ഫണ്ട് ഡയറക്ടറേറ്റിൽ "പ്രോസസിംഗ്" എന്ന സ്റ്റാറ്റസും, 3 വിദ്യാർത്ഥികളുടെ ക്ലെയിം സ്റ്റാറ്റസ് “processing verification @DO clerk -OBC” എന്നുമാണ്.<br><br>2020-21, 2021-22 വർഷങ്ങളിൽ കോവിഡ് പ്രതിസന്ധി മൂലം അഡ്മിഷൻ നടന്നിട്ടില്ല. 2022-23 അധ്യയന വർഷത്തിലെ അഡ്മിഷൻ എടുത്തവരിൽ 14 വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് അപേക്ഷകൾ സമർപ്പിച്ചിരുന്നു. ഇതിൽ OBC വിഭാഗത്തിൽ അഞ്ചും , എസ്.സി. വിഭാഗത്തിൽ അഞ്ചും , ജനറൽ വിഭാഗത്തിൽ മൂന്നും OBC- H വിഭാഗത്തിൽ ഒന്നും വിദ്യാർത്ഥികളാണ് ഉള്ളത്. ഇവരുടെ അപേക്ഷകളിൽ രണ്ടര ലക്ഷത്തിനു മുകളിൽ വരുമാനം ഇല്ലാത്ത മൂന്ന് എസ്.സി. വിഭാഗം വിദ്യാർത്ഥികളുടെ ഒഴിച്ച് ബാക്കി ഉള്ളവരുടെ അപേക്ഷകൾ പരിശോധിച്ച് ക്ലെയിം ലഭിക്കുന്നതിനായി അയച്ചിട്ടുള്ളതാണ്.<br><br>ധനകാര്യ പ്രതിസന്ധി ഇ-ഗ്രാന്റ് വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ഇ-ഗ്രാന്റ് വിതരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | 2019-20 അധ്യയന വർഷത്തിലെ വിദ്യാർത്ഥികളിൽ എസ്.സി വിഭാഗത്തിലെ അഞ്ചും എസ്.ടി. വിഭാഗത്തിലെ ഒന്നും വിദ്യാർത്ഥികളുടെ കോവിഡ് മഹാമാരി മൂലവും ക്യാമ്പസ് CFLTC ആയി പ്രവർത്തിച്ചിരുന്നതുകൊണ്ടും നഷ്ടപ്പെട്ട ഒന്നാം വർഷ ക്ലാസ്സുകൾ 2022 ജനുവരി മുതൽ 2022 ഒക്ടോബർ വരെ ക്യാമ്പസ്സിൽ വെച്ച് നടത്തപ്പെട്ടു. ഈ മാസങ്ങളിലെ ഹോസ്റ്റൽ ഫീസ് വാങ്ങി നൽകണം എന്നാവശ്യപ്പെട്ട് വിദ്യാർത്ഥികൾ സ്ഥാപന മേധാവിക്ക് കത്ത് നൽകിയിരുന്നു. ഈ കത്തിൻെറ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് കത്ത് നൽകിയിരുന്നു. ഇതിൽ എസ്.ടി. വിഭാഗം വിദ്യാർത്ഥിയുടെ ഹോസ്റ്റൽ ഫീസ് രണ്ടാം വർഷത്തെ ഫീസിനൊപ്പം ക്ലെയിം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എസ്.സി. വിഭാഗം വിദ്യാർത്ഥികളുടെ ലഭിക്കാനുള്ള ഹോസ്റ്റൽ ഫീസ് സംബന്ധിച്ച അറിയിപ്പുകൾ ജില്ലാ ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ